**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 392 — 11.6.2013 ൽ മറുപടിയ്ക്ക്

# കൊച്ചി മെട്രോ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ:<br>ശ്രീ.ബെന്നി ബഹനാൻ:<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.അൻവർ സാദത്ത്: | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിൽ നഗര വികസന മന്ത്രാലയത്തിന്റെ 12.7.2012, 18.7.2012 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് 50:50 അനുപാതത്തിൽ തുല്യ ഓഹരി പങ്കാളിത്തത്തോടെ കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകുകയുണ്ടായി. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണച്ചുമതല ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനാണ്. അതിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനും തമ്മിൽ കരാർ ഒപ്പുവച്ചുകഴിഞ്ഞു. പദ്ധതിക്കാവശ്യമായ 40% ത്തോളം ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി ഭൂമിയുടെ ഏറ്റെടുക്കൽ ഈ വർഷം ജൂലൈയോടെ പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ കരാർ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (ഡി) യും | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ കരാർ 2013 മെയ് 23 ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനും തമ്മിൽ ഒപ്പു വച്ചു കഴിഞ്ഞു. കരാർ പ്രകാരം 4 വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്. |
| (ഡി) | എത്ര വർഷത്തിനകം പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | | |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം: | (സി) | പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 7.6.2013 ൽ ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. 14.7 കി.മീ. വയാഡക്ടുകളുടെയും 12 സ്റ്റേഷനുകളുടെയും നിർമ്മാണത്തിനുള്ള കരാർ നൽകിക്കഴിഞ്ഞു. ബാക്കിയുള്ള 10.5 കി.മീ. വയാഡക്ടുകളുടെയും 10 സ്റ്റേഷനുകളുടെയും നിർമ്മാണ കരാർ ജൂൺ 30 ഓടു കൂടി നൽകാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ